# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.75 - 8/2/2016-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

### റവന്യൂ കമ്മി

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവണ്മെന്റ് റവന്യൂ കമ്മി നികത്തുന്നതിലേയ്ക്ക് എത്ര കോടി രൂപ അനുവദിച്ചു; ഇതിനകം നേടിയെടുത്തത് എത്ര; | റവന്യൂ കമ്മി നികത്തുന്നതിലേക്ക് 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കാനർഹതയുണ്ടായിരുന്നത് 4640 കോടിയാണ്. ഇതിൽ നിന്നും 2016 ജനുവരി വരെ 3866.7കോടി ലഭിച്ചിട്ടുണ്ട്. |
| (ബി)<br>2015-16 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കപ്പെട്ട റവന്യൂ കമ്മി എത്ര കോടിയുടേതാണ്; കേന്ദ്രം അനുവദിച്ച തുക എന്തെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചത്; | റവന്യൂ കമ്മി (-)7831.92 കോടി രൂപ (BE 2015-16) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വരവുകൾ നടപ്പ സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കുമായാണ് പ്രധാനമായും വിനിയോഗിക്കുന്നത്. |
| (സി)<br>ഇന്നത്തെ സ്ഥിതിയിൽ തന്നാണ്ടിലെ റവന്യൂ കമ്മി എത്ര കോടി രൂപ ആയി ഉയരും; ധനകമ്മി എത്ര ആയിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്; | 2015 ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരം റവന്യൂ കമ്മി 4867.68 കോടി രൂപയും ധനകമ്മി 9331.30 കോടി രൂപയുമാണ്. ഈ കണക്കുകൾ പ്രകാരം വർഷാന്ത്യ റവന്യൂ കമ്മിയും ധനകമ്മിയും പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധിക്കുമെന്നാണ് വിലയിരുത്തുന്നത്. |
| (ഡി)<br>2011-12 വർഷം മുതൽ 2015-16 വർഷം വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ കണക്കാക്കിയിരുന്ന റവന്യൂ കമ്മിയും ധനകമ്മിയും പൊതുകടവും അധികവിഭവ സമാഹരണവും മൂലധനചെലവും എത്ര കോടി വീതമായിരുന്നു; എന്നാലിവ ഓരോ വർഷവും എത്ര കോടി വീതമായിരുന്നു; സ്ഥിതി വിവരക്കണക്കുകൾ വെളിപ്പെടുത്താമോ? | അനുബന്ധമായി ചേർക്കുന്നു. |

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | റവന്യൂ കമ്മി | | ധനകമ്മി | | പൊതുകടം | | മൂലധന ചെലവ് | | അധിക വിഭവ സമാഹരണം | |
|---|---|---|---|---|---|---|---|---|---|---|
| | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ കണക്ക് | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ കണക്ക് | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ കണക്ക് | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ കണക്ക് | പ്രതീക്ഷിച്ചത് | യഥാർത്ഥ കണക്ക് |
| 2011-12 | 5533.91 | 8034.26 | 10506.99 | 12814.77 | 63746.14 | 61793.09 | 3834.69 | 3852.92 | 616.00 | 1003.35 |
| 2012-13 | 3463.77 | 9351.44 | 10726.79 | 15002.46 | 73765.39 | 72250.19 | 6554.9 | 4603.29 | 1512.05 | 1580.69 |
| 2013-14 | 2269.97 | 11308.55 | 11872.63 | 16944.12 | 84391.41 | 83466.56 | 8635.03 | 4294.33 | 1138.33 | |
| 2014-15 | 7131.69 | 13795.96 | 14398.46 | 18641.73 | 97816.43 | 96132.96 | 6636.38 | 4254.59 | 1556.35 | |
| 2015-16 | 7831.92 | 4867.68* | 17699.25 | 9331.3* | 113697.91 | 105840.7* | 9220.16 | 4047.64* | 1220.00 | X |

*2015 ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ തനി കണക്കുകൾ പ്രകാരം

X വിഭവ സമാഹരണ മാർഗ്ഗത്തിലൂടെ ലഭിച്ച തുകയുടെ വേർതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ആയത് ബന്ധപ്പെട്ട വകുപ്പ് തലവന്മാരിൽ നിന്നും ശേഖരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ